# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 4853** **24.07.2015- ലെ മറുപടി.**

**നിർബന്ധിത ഗ്രാമീണ സേവനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കോളേജിൽ നിന്ന് പഠനം പൂർത്തിയാക്കി വരുന്ന ഡോക്ടർമാർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർബന്ധിത ഗ്രാമീണ സേവനം വേണമെന്ന ഉത്തരവ് നൽകിയിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) മെഡിക്കൽ കോളേജിൽ നിന്നും പഠനം പൂർത്തിയാക്കിവരുന്ന ഡോക്ടർമാർക്ക് നിർബന്ധിത ഗ്രാമീണ സേവനം വേണമെന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 07.10.2008-ലെ സ.ഉ(എം.എസ്)നം.533/2008/ആ.കു.വ, 13.07.2009-ലെ സ.ഉ(എം.എസ്) നം.248/2009/ആ.കു.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) നിർബന്ധിത ഗ്രാമീണ സേവന ഉത്തരവ് ഈ സർക്കാരിന്റെ കാലത്ത് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (ബി) 08.10.2012-ലെ സ.ഉ(എം.എസ്)നം. 333/2012/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും പഠനം പൂർത്തിയാക്കുന്ന ഡോക്ടർമാരുടെ നിർബന്ധിത ഗ്രാമീണ സേവനം ഒഴിവാക്കി പകരം വോളന്ററി ഗ്രാമീണ സേവനം എന്ന വ്യവസ്ഥ കൊണ്ടുവന്നിരുന്നു. ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 12.05.2015-ലെ സ.ഉ(എം.എസ്)നം.100/2015/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) കാസർഗോഡ് പോലെയുള്ള പിന്നോക്ക ജില്ലകൾക്ക് വലിയൊരു അനുഗ്രഹമായിരുന്ന ഗ്രാമീണ സേവന ഉത്തരവ് പിൻവലിച്ചതു മൂലം ഗ്രാമങ്ങളിലെ പി.എച്ച്.സികളിൽ ഡോക്ടർമാരുടെ സേവനം കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജില്ലകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) മെഡിക്കൽ കോളേജുകളിൽ പഠിച്ചിറങ്ങുന്ന ഡോക്ടർമാർക്ക് നിർബന്ധിത ഗ്രാമീണ സേവന ഉത്തരവ് പുനഃസ്ഥാപിക്കുന്ന വിഷയം പരിഗണിക്കുമോ ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ